## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3037.** **07.12.2018 ൽ മറുപടിയ്ക്ക്**

## ലഹരി വസ്തുക്കൾക്കെതിരെ ബോധവല്ക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ദോഷഫലങ്ങൾ പ്രചരിപ്പിക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ; | (എ) | ഉണ്ട്. സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ച് ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഇതര സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരി വർജ്ജന ബോധവത്ക്കരണ പ്രവർത്തനങ്ങൾ സജീവമായി നടത്തുന്നു. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുകയാണ് വിമുക്തി മിഷന്റെ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നത്. |
| (ബി) | നടപ്പുസാമ്പത്തിക വർഷം ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; | (ബി) | 27,87,62,200/- രൂപ (ഇരുപത്തിയേഴ് കോടി എൺപത്തിയേഴ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഇരുന്നൂറ് രൂപ) നീക്കിവെച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | 5,83,96,640/- രൂപ (അഞ്ച് കോടി എൺപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അറുനൂറ്റി നാൽപ്പത് രൂപ). |

**സെക്ഷൻ ഓഫീസർ**